"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഷാനവാസ് പാദൂർ അഗ്രി ഹബ്ബ് പദ്ധതിയുമായി ബന്ധപ്പെട്ട് മംഗലാപുരത്തു നിന്നും വിമാനമാർഗ്ഗം ഡൽഹിയിലേക്കും തിരിച്ചും നടത്തിയ യാത്രയ്ക്ക് സാധൂകരണാനുമതി നൽകിയും യാത്രാബത്ത 27,171/- രൂപ അനുവദിച്ച് നൽകിയ സെക്രട്ടറിയുടെ നടപടിയ്ക്ക് സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1398/2025/LSGD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.11.2023 തീയതിയിലെ 4/1 നമ്പർ & 24.02.2024 തീയതിയിലെ സാധാരണ യോഗത്തിന്റെ 77/1 നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.03.2025 തീയതിയിലെ LSGD/PD/21783/2024-EER2 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഷാനവാസ് പാദൂർഅഗ്രി ഹബ്ബ് പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു. കേന്ദ്ര കൃഷി മന്ത്രിയെ കാണാൻ 03.10.2023 ന് മംഗലാപുരത്തു നിന്നും വിമാനമാർഗ്ഗം മുംബൈ വഴി ഡൽഹിയിലേക്കും 07.10.2023 ന് തിരിച്ചും അതേ പാതയിൽ നടത്തിയ യാത്രയ്ക്ക് സാധൂകരണാനുമതി നൽകുന്നതിനും യാത്രാബത്ത ഇനതിൽ 27,171/- രൂപ (ഇരുപത്തി ഏഴായിരത്തി നൂറ്റിഎഴുപത്തി ഒന്ന് രൂപ മാത്രം) അനുവദിച്ച് നൽകിയ സെക്രട്ടറിയുടെ നടപടിയ്ക്ക് സാധൂകരണം നൽകുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപിച്ചിട്ടുണ്ട്. ടി വിഷയത്തിൽ പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഷാനവാസ് പാദൂർ അഗ്രി ഹബ്ബ് പദ്ധതിയുമായി ബന്ധപ്പെട്ട്

മംഗലാപുരത്തുനിന്നും വിമാനമാർഗ്ഗം മുംബൈ വഴി ഡൽഹിയിലേക്കും തിരിച്ചും നടത്തിയ യാത്രയ്ക്ക് സാധൂകരണാനുമതി നൽകിയും യാത്രാബത്ത 27,171/- രൂപ അനുവദിച്ച് നൽകിയ സെക്രട്ടറിയുടെ നടപടിയ്ക്ക് സാധൂകരണാനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, കാസർഗോഡ് ജില്ലാപഞ്ചായത്ത്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/64/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A
Date: 05-06-2025 16:46:34

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.